നിർത്തിവച്ചു. പണി പുനരാരംഭിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. കരാറുകാരൻ പണി ആരംഭിക്കാത്തപക്ഷം ഈ കരാർ അവസാനിപ്പിച്ച് മറ്റൊരു കരാർ അനുസരിച്ച് പണി നടത്തേണ്ടിവരും. നിയമപ്രകാരമുള്ള നടപടിക്രമം നടത്തുന്നതിന് അല്പം കാലതാമസം അനിവാര്യമാണ്. ഈ കാരണങ്ങളാലാണ് പാലത്തിന്റെ പണി തീർക്കുന്നതിന് കാലതാമസമുണ്ടായത്.

(14) പാറശ്ശാല അഞ്ചാലിക്കോണത്തെ ജോൺസനെ കാണാതായത് സംബന്ധിച്ച്

ശ്രീ. എസ്. ആർ. തങ്കരാജ് : പാറശ്ശാല പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട അഞ്ചാലിക്കോണമെന്ന സ്ഥലത്ത് മുറുക്കാൻ കട നടത്തിയിരുന്ന ജോൺസനെ 29-4-1985 മുതൽ കാണാതായി. അയാളുടെ സഹോദരി 1-5-1985-ൽ പാറശ്ശാല പോലീസ്സ്റ്റേഷനിൽ പരാതികൊടുക്കുകയും 108/85 ആയി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാണാതായ ജോൺസനെ സംബന്ധിച്ചിടത്തോളം അയാൾക്ക് വിരോധികളും ആരും ഉണ്ടായിരുന്നില്ല. ഒരു വിരോധി ഉണ്ടായിരുന്നു. ഏതാനും ദിവസംമുമ്പ് അയാളെ കൊല്ലാൻ ശ്രമിച്ച ഈനോസ് എന്ന ആൾ. അതെത്തുടർന്ന് അയാൾ പരാതികൊടുക്കുകയും മറ്റുള്ളവർ ഇടപ്പെട്ട് അത് ഒതുക്കി തീർക്കുകയും ചെയ്തു. അതിനുശേഷം ഈനോസിന്റെ ആളുകൾ ചേർന്ന് അയാൾ കച്ചവടത്തിന് വച്ചിരുന്ന സാധനങ്ങൾ നശിപ്പിച്ചു. അതിന് നഷ്ടപരിഹാരം വാങ്ങിച്ചുകൊടുക്കുന്നതിന് 30-4-1985-ൽ പാറശ്ശാല പോലീസ്സ്റ്റേഷൻ തീയതി നിശ്ചയിച്ചിരുന്നു. അതിന്റെ തലേദിവസം മുതലാണ് അയാളെ കാണാതായത്. ഈനോസും മറ്റുള്ളവരുംകൂടി കൊലപ്പെടുത്തിയെന്നാണ് സംശയിക്കുന്നത്. ആരെങ്കിലും ഇതേക്കുറിച്ച് ശബ്ദിക്കുകയാണെങ്കിൽ ഈനോസും കൂട്ടരും ചേർന്ന് അവരെ ഭീഷണിപ്പെടുത്തുകയാണ്. ജനങ്ങൾ ഉൽക്കണ്ഠാകുലരാണ്. അതുകൊണ്ട് സത്യസന്ധമായ അന്വേഷണം നടത്തി കൊലപാതകികളെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ഏതെങ്കിലുമൊരു വ്യക്തിയെ കാണാതായാൽ അയാളെ ഇന്നയാൾ കൊന്നുവെന്ന് നിയമസഭയിൽ പറയുന്നത് ശരിയാണെന്ന അഭിപ്രായം എനിക്കില്ല. ജോൺസൺ എന്നുപറയുന്ന ആളെ കാണാനില്ലെന്ന പരാതി ഏപ്രിൽമാസം അവസാനം അദ്ദേഹത്തിന്റെ സഹോദരി പോലീസ്സ്റ്റേഷനിൽ കൊടുക്കുകയുണ്ടായി. ഈ ആൾ പോകാനിടയുള്ള എല്ലാ ബന്ധു വീടുകളിലും അന്വേഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് അന്വേഷണം ഊർജ്ജിതപ്പെടുത്താനും നടപടിസ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. അന്വേഷണം ഊർജ്ജിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

(15) നൈജീരിയായിൽ ജോലിചെയ്യുന്ന മലയാളികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. കാനം രാജേന്ദ്രൻ : ആയിരക്കണക്കിന് മലയാളികൾ നൈജീരിയായിൽ ജോലി ചെയ്യുന്നുണ്ട്. ഗവൺമെന്റിന്റെ നിയന്ത്രണം അനുസരിച്ച് മൊത്തം വരുമാനത്തിന്റെ 25 ശതമാനം മാത്രമേ നാട്ടിലേക്ക് അയയ്ക്കാവു എന്നുള്ള നിയമം ഉണ്ടായി. മുമ്പ് അമ്പതു ശതമാനം അയയ്ക്കാമായിരുന്നു. അതിനുശേഷം നിരവധി ആളുകളെ ഇപ്പോൾ സർവ്വീസിൽ നിന്നും പിരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വിട്ടിരിക്കുയാണ്. അവർക്ക് ആനുകൂല്യങ്ങളും കൊടുത്തില്ലെന്നു മാത്രമല്ല അവരുടെ ബാങ്ക് ഡെപ്പോസിറ്റ് പിൻവലിക്കാൻ ഗവൺമെൻറ് അനുവദിക്കുന്നില്ല. കേരളത്തിൽനിന്ന് അവിടെ പോയി പണിയെടുത്ത ആയിരക്കണക്കിനു മലയാളികളുടെ പ്രധാനപ്പെട്ട പ്രശ്നമെന്നുള്ളനിലയ്ക്ക് കേന്ദ്ര ഗവൺമെൻറുമായി ബന്ധപ്പെട്ട് ഇതിന് ഒരു പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഒരുകാലത്ത് നൈജീരിയായിൽ ഇവിടെനിന്ന് ധാരാളം മലയാളികൾ പോയി ജോലി ചെയ്തിരുന്നു. വരുമാനത്തിൻെറ അമ്പത് ശതമാനം വരെ നാട്ടിലേക്ക് അയയ്ക്കാമായിരുന്നു. എന്നാൽ അവിടത്തെ ഗവൺമെൻറിൻെറ സാമ്പത്തികത്തകർച്ചയുടെ കാരണത്താൽ അവിടെ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ആളുകൾക്ക് ഇൻഡ്യയിലേക്ക് അത്രയും പണം അയയ്ക്കാൻ ഇപ്പോൾ അനുവദിക്കുന്നില്ല. മാത്രമല്ല അവിടെയുള്ള ബാങ്ക് നിക്ഷേപവും വിടേണ്ടപോലും കൊണ്ടുവരാൻ അനുവദിക്കുന്നില്ല. അന്തരിച്ച പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ ശ്രദ്ധയിലും ഇക്കാര്യം പെടുത്തിയിരുന്നു. ഒന്നുരണ്ടു പ്രാവശ്യം ഈ കാര്യം കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറ് ആ കാര്യത്തിൽ ചില നടപടി സ്വീകരിച്ചിട്ടുണ്ട്. തുടർന്നും നൈജീരിയായിലെ മലയാളികളുടെ കാര്യത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(16) പെരുമാതുറ-അഴൂർ റോഡ് പണി പൂർത്തിയാക്കൽ

ശ്രീ. പി. വിജയദാസ് : സർ, പതിനാല് വർഷമായി മുടങ്ങിക്കിടക്കുന്ന ഒരു റോഡിൻെറ പണിയാണ് ഞാൻ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പെരുമാതുറ-അഴൂർ റോഡ്, പെരുമാതുറ പ്രദേശത്തുള്ള ആളുകൾക്ക് ആറ്റിങ്ങൽ നിയോജകമണ്ഡലവുമായി ബന്ധപ്പെടണമെങ്കിൽ ആറ്റിങ്ങൽ വരണമെന്നുണ്ടെങ്കിൽ കഴക്കൂട്ടം നിയോജകമണ്ഡലം മുഴുവൻ ചുറ്റി മാത്രമേ വരാൻ കഴിയുകയുള്ളൂ. പതിനാല് വർഷങ്ങൾക്കു മുമ്പു തുടങ്ങിയ ഈ റോഡിൻെറ പണി പൂർത്തിയാകാതെ ഇപ്പോഴും അവശേഷിക്കുന്നു. ഒന്നുരണ്ടു കേസുകളും ഉണ്ടായിരുന്നു. ആ കേസുകളൊക്കെ തീർന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. വളരെ ചെറിയ തുക കൊണ്ട് പൂർത്തിയാക്കാവുന്ന ഈ റോഡിൻെറ പണി അടിയന്തിരമായി ചെയ്തു തീർത്ത് ആ പ്രദേശത്തെ ആളുകളുടെ ചിരകാലാഭിലാഷം സാക്ഷാൽക്കരിക്കണമെന്ന് ഞാൻ വിനയപൂർവ്വം മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടി നഹ) : ഈ വർക്കിന് 20-3-1980-ൽ 8.56 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി കൊടുത്തു. 1980-ൽ കരാർ കൊടുത്തു. 1982-ൽ അവസാനിപ്പിക്കേണ്ടതായിരുന്നു. ശേഷിച്ചപണിക്ക് 4-4-1982-ൽ കരാർ കൊടുത്തു. മുൻകരാറുകാരൻ 1-12-1983-ൽ കോടതിയിൽ നിന്ന് സ്റ്റേ ആർഡർ വാങ്ങി. ഇതുമൂലം പണി തുടരാൻ കഴിയാതെ വന്നു. ആകയാൽ റിസ്ക് കോസ്റ്റ് കൂടാതെ നിലവിലുള്ള കരാർ അവസാനിപ്പിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. കോടതി സ്റ്റേ മാറിയിട്ടുള്ളതുകൊണ്ട് ശേഷിച്ച പണി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിന് ഒരു ലക്ഷം രൂപ ഇപ്പോൾ വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly